REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-12-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- 93-ാമത് ശിവഗിരി തീർഥാടന മഹാസമ്മേളനത്തിന് വർക്കലയിൽ തുടക്കമായി.
- കേരളത്തിന്റെ സാമൂഹ്യ- സാംസ്കാരിക ജീവിതത്തിന് നിത്യപ്രചോദനമാണ് ശ്രീനാരായണ ഗുരുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- തിരുവനന്തപുരം നഗരത്തിലെ ഇലക്ട്രിക്ക് ബസുകൾക്ക് സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി കേന്ദ്രഗവൺമെന്റ് നല്കിയത് 500 കോടി രൂപയാണെന്ന് മന്ത്രി KB ഗണേഷ് കുമാർ.
- CBSE 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകളുടെ പുതുക്കിയ തിയതികൾ പ്രഖ്യാപിച്ചു.
- FIDE വേൾഡ് ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ അർജുൻ എറിഗൈസിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

## വാർത്തകൾ വിശദമായി

കേരളത്തിന്റെ സാമൂഹ്യ- സാംസ്കാരിക ജീവിതത്തിന് നിത്യപ്രചോദനമാണ് ശ്രീനാരായണ ഗുരുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 93-ാമത് ശിവഗിരി തീർഥാടന മഹാസമ്മേളനം വർക്കലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

എല്ലാ ജാതി-മത വൈജാത്യങ്ങളുടെയും വിഭജന മതിലുകൾക്കപ്പുറം മനുഷ്യൻ ഒന്നാണെന്ന കാലാതീതമായ കാഴ്ചപ്പാടാണ് ഗുരു

**മുന്നോട്ടുവെച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു. ശിവഗിരി തീർത്ഥാടനം സർവമത ദർശന സമന്വയത്തിന്റെ തീർത്ഥാടനമായിരിക്കണമെന്നാണ് ശ്രീനാരായണ ഗുരു കണ്ടത്. രാജ്യത്ത് ഐതിഹ്യങ്ങളെ ചരിത്രവത്ക്കരിക്കാൻ ഒരു വിഭാഗം ശ്രമം നടത്തുകയാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഗുരുദേവ ദർശനങ്ങളെ വക്രീകരിക്കാൻ ചില ശക്തികൾ ശ്രമിക്കുകയാണെന്നും, സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കെതിരെ പോരാടിയ മഹാനായിരുന്നു ശ്രീനാരായണ ഗുരുവെന്നും പിണറായി വിജയൻ പറഞ്ഞു.**

**ജാതി വ്യവസ്ഥയുടെ യുക്തി തകർക്കുന്നതിന് ഗുരു ബ്രാഹ്മണ്യത്തെ വെല്ലുവിളിച്ചെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു. സമൂഹത്തിൽ ജാതീയത ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കാൻ ഗുരു ശ്രമിച്ചെന്നും, മതങ്ങൾക്ക് മേലെ മനുഷ്യനെ പ്രതിഷ്ഠിക്കാൻ ഗുരുവിന് കഴിഞ്ഞെന്നും അദ്ദേഹം വ്യക്തമാക്കി.**

✪✪✪

**അനീതിയെ തകർത്ത് സാമൂഹ്യ പരിഷ്കരണം നടത്തിയ മഹാനായിരുന്നു ശ്രീനാരായണഗുരുവെന്ന് ശിവഗിരി മഹാസമ്മേളനത്തിൽ മുഖ്യാതിഥിയായ കർണാടക മുഖ്യമന്ത്രി K.സിദ്ധരാമയ്യ പറഞ്ഞു. ഗുരുവിന്റെ നിലപാടുകൾ സമൂഹത്തിൽ ഇന്നും വിപ്ലവാത്മകമായി നിലനിൽക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.**

✪✪✪

**ഈ വർഷം രാജ്യസംരക്ഷണത്തിൽ സൈന്യം കാര്യമായ പുരോഗതിയാണ് കൈവരിച്ചതെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് മെയ് മാസത്തിൽ ആരംഭിച്ച ഓപ്പറേഷൻ സിന്ദൂരിൽ ഒൻപത് തീവ്രവാദ ക്യാമ്പുകൾ നശിപ്പിക്കുകയും അതിർത്തിക്കപ്പുറത്ത് ഏഴെണ്ണം നിർവീര്യമാക്കുകയും ചെയ്തു. ആത്മനിർഭർ ഭാരത് പദ്ധതിയുടെ ഭാഗമായി സൈന്യത്തിന്റെ ആയുധങ്ങൾ പലതും തദ്ദേശീയമായി വികസിപ്പിച്ചതായും മന്ത്രാലയം വ്യക്തമാക്കി.**

**ഇന്ത്യൻ സൈന്യം ഉപയോഗിക്കുന്ന എല്ലാ വെടിയുണ്ടകളുടെയും 91 ശതമാനവും തദ്ദേശീയമായി നിർമ്മിച്ചതാണ്. ഡ്രോണുകളും, പൈലറ്റ് എയർക്രാഫ്റ്റുകളും ഉൾപ്പെടെ വിവിധതരം ആളില്ലാ വിമാന സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു.**

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർത്ഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ചയിൽ പങ്കെടുക്കുന്നതിന് ഇന്നലെ വരെ മൂന്ന് കോടിയിലധികം പേർ രജിസ്റ്റർ ചെയ്തു. വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അധ്യാപകർ എന്നിവരുടെ പങ്കാളിത്തം പരിപാടിയുടെ വർദ്ധിച്ചുവരുന്ന ജനപ്രീതിയെ പ്രതിഫലിപ്പിക്കുന്നുവെന്ന് വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

✪✪✪

യുവ എഴുത്തുകാരെ പ്രചോദിപ്പിക്കുന്ന പദ്ധതിയായ PM-YUVA 3.ഒ മത്സരത്തിന്റെ ഫലങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രഖ്യാപിച്ചു. 22 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലുമായി 43 പുസ്തകങ്ങളാണ് ഈ പതിപ്പിലേക്ക് തിരഞ്ഞെടുത്തത്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ എഴുത്തുകാരനും പ്രതിമാസം അമ്പതിനായിരം രൂപ സ്കോളർഷിപ്പും പ്രസിദ്ധീകരിച്ച പുസ്തകത്തിന് 10 ശതമാനം ആജീവനാന്ത റോയൽറ്റിയും നൽകും.

✪✪✪

വിദ്യാർത്ഥികളിൽ അറിവിന്റെയും ബോധത്തിന്റെയും പുതിയ ഉണർവ് സൃഷ്ടിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് മത്സരം സംസ്ഥാനവ്യാപകമായി ജനുവരി 12 മുതൽ നടത്തും. സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും സർവകലാശാല കോളേജ് വിദ്യാർത്ഥികൾക്കും പ്രത്യേകം വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്.

സ്കൂൾ തല മത്സരങ്ങളിൽ ഒന്നാം സമ്മാനം അഞ്ച് ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ട് ലക്ഷം രൂപയും നൽകും. കോളേജ് തല മത്സരങ്ങളിൽ ഒന്നാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും രണ്ടാം സമ്മാനമായി രണ്ട് ലക്ഷം രൂപയും മൂന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും ലഭിക്കും.

✪✪✪

സംസ്ഥാന പൊലീസ് സേനയുടെ വിവിധ യൂണിറ്റുകൾക്കായി വാങ്ങിയ പുതിയ വാഹനങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്യും. തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിലെ ചടങ്ങിൽ സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ, മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

✪✪✪

ആരോഗ്യ വകുപ്പിന്റെ ആരോഗ്യം ആനന്ദം - വൈബ് 4 വെൽനസ്സ് ജനകീയ ക്യാമ്പയിൻ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ക്യാമ്പയിന്റെ ഭാഗമായി കാസർഗോഡ് നിന്ന് ഡിസംബർ 26ന് ആരംഭിച്ച വിളമ്പര ജാഥ വിവിധ ജില്ലകളിലൂടെ സഞ്ചരിച്ച് തിരുവനന്തപുരത്ത് നാളെ സമാപിക്കും.

✪✪✪

മന്നം ജയന്തി ആഘോഷത്തിന് പെരുന്നയിലെ NSS ആസ്ഥാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി. നാളെയും മറ്റന്നാളുമായി പെരുന്ന NSS ബോയ്സ് ഹൈസ്കൂൾ മൈതാനിയിലാണ് ആഘോഷ ചടങ്ങുകൾ. വിവിധ യൂണിയനുകളിൽ നിന്ന് പങ്കെടുക്കുന്നവർക്ക് താമസ സൗകര്യം അടക്കം സൗകര്യങ്ങൾ NSS ആസ്ഥാനത്ത് ഒരുക്കിയിട്ടുണ്ട്.

✪✪✪

നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി നൽകുന്ന നിയമസഭാ പുരസ്കാരത്തിന് പ്രശസ്ത സാഹിത്യകാരൻ N.S മാധവൻ അർഹനായി. മലയാള സാഹിത്യത്തിനും സംസ്കാരത്തിനും നൽകിയ ആജീവനാന്ത സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും ശില്പവുമാണ് അവാർഡ്.

ജനുവരി ഏഴിന് രാവിലെ നിയമസഭയിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ പുസ്തകോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമർപ്പിക്കും. ആധുനിക മലയാള സാഹിത്യത്തെ പുതിയ ഭാവുകത്വത്തിലേക്ക് നയിച്ച N.S മാധവന്റെ രചനാശൈലി സമാനതകളില്ലാത്തതാണെന്ന് ജൂറി വിലയിരുത്തി. ജനുവരി 13 വരെയാണ് പുസ്തകോത്സവം.

✪✪✪

തിരുവനന്തപുരം നഗരത്തിലെ ഇലക്ട്രിക്ക് ബസുകൾക്ക് സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി കേന്ദ്രഗവൺമെന്റ് നല്കിയത് 500 കോടി രൂപയാണെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. കോർപ്പറേഷൻ ബസുകൾ KSRTC അനധികൃതമായി ഓടിക്കുന്നുവെന്ന തിരുവനന്തപുരം മേയർ V.V രാജേഷിന്റെ പരാമർശത്തിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. തിരുവനന്തപുരം കോർപ്പറേഷന്റെ ബസുകൾ മറ്റ് ജില്ലകളിൽ ഓടുന്നില്ലെന്നും ബസുകളുടെ അറ്റക്കുറ്റ പണികൾ KSRTC-യാണ് നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

CBSE 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകളുടെ പുതുക്കിയ തിയതികൾ പ്രഖ്യാപിച്ചു. അടുത്ത വർഷം മാർച്ച് മൂന്നിന് നിശ്ചയിച്ചിരുന്ന പത്താം ക്ലാസ് പരീക്ഷ മാർച്ച് 11 ന് നടത്തും. മാർച്ച് 3 ന് നിശ്ചയിച്ചിരുന്ന പന്ത്രണ്ടാം ക്ലാസ് പരീക്ഷ ഏപ്രിൽ 10 ലേക്കും മാറ്റി. ഭരണപരമായ കാരണങ്ങളാലാണ് തീയതികൾ പുനഃക്രമീകരിച്ചതെന്ന് ബോർഡ് അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ സ്ഥാനാർത്ഥി നിർണയത്തിൽ പ്രാഥമിക ചർച്ചകൾ ആരംഭിച്ചു. കോൺഗ്രസിന്റെ സ്ഥാനാർത്ഥി നിർണയ ചർച്ചകൾക്ക് അടുത്ത മാസം 4,5 തിയതികളിൽ വയനാട്ടിൽ ചേരുന്ന കോൺക്ലേവിൽ തുടക്കമാകും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ജനുവരി ആദ്യം തന്നെ സ്ഥാനാർത്ഥി നിർണയ സ്ക്രീനിംഗ് കമ്മിറ്റിക്ക് അന്തിമ രൂപം നൽകാനാണ് AICC യുടെ നിർദേശം. നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ കോർകമ്മിറ്റി മുന്നോട്ട് വെക്കുന്ന പേരുകൾ അടിസ്ഥാനമാക്കിയായിരിക്കും തീരുമാനം കൈക്കൊള്ളുക. കഴിഞ്ഞ തവണ കോൺഗ്രസ് 93 സീറ്റിലാണ് മത്സരിച്ചത്. ജയിച്ചത് 21 സീറ്റിലാണ്. UDF-ലെ മറ്റ് പാർട്ടികളുമായി സീറ്റ് വിഭജന ചർച്ചയും വൈകാതെ ആരംഭിച്ചേക്കും.

തദ്ദേശ തെരഞ്ഞെടുപ്പിന്റെ ജയപരാജയങ്ങളെ കുറിച്ച് CPIM സംസ്ഥാന കമ്മിറ്റി യോഗം ഈ കഴിഞ്ഞ ദിവസങ്ങളിൽ ചർച്ചകൾ പൂർത്തിയാക്കിയിരുന്നു. വൈകാതെ തന്നെ പാർട്ടിയും മുന്നണിയും സ്ഥാനാർത്ഥി നിർണയ ചർച്ചകളും അനുബന്ധ തീരുമാനങ്ങളും കൈക്കൊള്ളും. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി CPIM താഴെ തട്ടിലെ കമ്മിറ്റികളോട് സജ്ജരാകാൻ നേരത്തെ തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ വിജയ പ്രതീക്ഷ പുലർത്തുന്ന മണ്ഡലങ്ങളിൽ BJP ജനുവരി ആദ്യ ആഴ്ച തന്നെ സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുമെന്നാണ് പാർട്ടി നേതാക്കൾ നൽകുന്ന സൂചന. സ്ഥാനാർത്ഥികളോട് അതത് മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കാനും ജില്ലാ മണ്ഡലം

തലങ്ങളിൽ അഴിച്ചുപണി നടത്താനും നേതൃത്വം നിർദേശിച്ചതായാണ് റിപ്പോർട്ട്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പ് പരാജയം അപ്രതീക്ഷിതമാണെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. പരാജയത്തെ ജനങ്ങൾ നൽകിയ മുന്നറിയിപ്പായി കാണുന്നുവെന്നും ഏറ്റവും വലുത് ജനങ്ങളാണെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. തെറ്റുകളുണ്ടെങ്കിൽ കണ്ടെത്തി തിരുത്തുമെന്നും അതാണ് കമ്മ്യൂണിസ്റ്റ് രീതിയെന്നും ബിനോയ് വിശ്വം പറഞ്ഞു.

✪✪✪

പുതുവത്സരാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുമെന്ന് പൊലീസ് അറിയിച്ചു. പകൽ രണ്ടര മുതൽ ഫ്രാൻസിസ് റോഡ് ജംഗ്ഷൻ, ദീവാർ ജംഗ്ഷൻ, രണ്ടാം ഗേറ്റ്, CH ഫ്ലൈഓവർ, PT ഉഷ റോഡ്, ക്രിസ്റ്റ്യൻ കോളജ് വെസ്റ്റ്, വെസ്റ്റ്ഹിൽ ചുങ്കം, കോതി ജംഗ്ഷൻ, പണിക്കർ റോഡ് ജംഗ്ഷൻ, കോയാറോഡ്, വെങ്ങാലി എന്നീ സ്ഥലങ്ങളിൽ നിന്ന് ബീച്ചിലേക്ക് ഗതാഗത നിയന്ത്രണമുണ്ടാകും. ബീച്ചിലേക്ക് പോകുന്നവർ പുതുവത്സര ദിനത്തിൽ പുലർച്ചെ ഒന്നിന് മുമ്പ് ബീച്ചിൽ നിന്ന് മടങ്ങണമെന്നും പൊലീസ് നിർദ്ദേശിച്ചു.

✪✪✪

പുതുവത്സരാഘോഷവുമായി ബന്ധപ്പെട്ട് താമരശ്ശേരി ചുരത്തിൽ പൊലീസ് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ചുരത്തിൽ ആഘോഷങ്ങൾ വിലക്കിയിട്ടുണ്ട്. തട്ടുകടകൾ ഇന്ന് രാത്രി ഏഴ് മണിക്ക് ശേഷം അടക്കാൻ പൊലീസ് നിർദേശിച്ചു. ചുരത്തിൽ കൂട്ടംകൂടി നിൽക്കൽ, വ്യൂ പോയിന്റിലും പാതയോരങ്ങളിലും വാഹന പാർക്കിങ് എന്നിവ അനുവദിക്കില്ല.

✪✪✪

ഉത്തരേന്ത്യയിലെ കനത്ത മൂടൽമഞ്ഞ് ട്രെയിൻ - വിമാനസർവീസുകളെ ഇന്നും ബാധിച്ചു. ഡൽഹിയിലേക്ക് പോകുന്ന 50 ലധികം ട്രെയിനുകൾ വൈകിയാണ് ഓടുന്നതെന്ന് ഡൽഹി റെയിൽവെ ഡിവിഷൻ അറിയിച്ചു. മൂടൽമഞ്ഞും, കാഴ്ചാതടസ്സവും കാരണം 148 വിമാനങ്ങൾ റദ്ദാക്കിയതായി ഡൽഹി വിമാനത്താവള അധികൃതരും അറിയിച്ചു. യാത്രക്കാരുടെ സേവന മാനദണ്ഡങ്ങൾ കർശനമായി

പാലിക്കണമെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ദോഹയിൽ ലോക ബ്ലിറ്റ്സ് ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗൈസി വെങ്കലം നേടി. സെമിയിൽ ഉസ്ബെക്കിസ്ഥാൻ താരത്തോട് പരാജയപ്പെട്ടതോടെയാണ് അർജുന്റെ പോരാട്ടം വെങ്കലനേട്ടത്തിൽ കലാശിച്ചത്.

ദോഹയിൽ FIDE വേൾഡ് ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ അർജുൻ എറിഗൈസിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. എരിഗൈസിയുടെ കഴിവും, ക്ഷമയും, അഭിനിവേശവും മാതൃകാപരമാണെന്ന് നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. താരത്തിന്റെ വിജയങ്ങൾ യുവാക്കളെ പ്രചോദിപ്പിക്കുന്നത് തുടരുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: ഫസ്ന ഫാത്തിമ, നിമിഷ ജി, രജിന കെ*
*DEO : ഷീബ*